REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 18-12-2024** | **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **പാർലമെന്റിന്റെ ഇരുസഭകളും പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് തടസ്സപ്പെട്ടു.**
- **രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹൈദരാബാദിലെ രാഷ്ട്രപതി നിലയത്തിൽ വിവിധ സംരംഭങ്ങൾക്ക് തുടക്കം കുറിക്കും.**
- **പ്രവാസികളുടെ ക്ഷേമത്തിന് നിയമനിർമാണം പരിഗണനയിലാണെന്നും വൈകാതെ നിയമസഭയിൽ അവതരിപ്പിക്കുമെന്നും മന്ത്രി V. അബ്ദുറഹിമാൻ.**
- **കാനനപാതയിലൂടെ കാൽനടയായി ശബരിമല ദർശനത്തിനെത്തുന്ന തീർഥാടകർക്ക് ഇന്നു മുതൽ പ്രത്യേക വരിയിലൂടെ ദർശനം.**
- **ബ്രിസ്ബെയ്നിൽ ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ക്രിക്കറ്റ് മത്സരം സമനിലയിൽ അവസാനിച്ചു.**

## വാർത്തകൾ വിശദമായി

**പാർലമെന്റിന്റെ ഇരുസഭകളും പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് തടസ്സപ്പെട്ടു. രാജ്യസഭയും, ലോക്സഭയും ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവച്ചു. ഭരണഘടനയെക്കുറിച്ച് രാജ്യസഭയിൽ ഇന്നലെ ചർച്ചയ്ക്കിടെ ആഭ്യന്തരമന്ത്രി അമിത്ഷാ ഡോ.B.R അംബേദ്കറെക്കുറിച്ച് നടത്തിയ പരാമർശത്തിനെതിരെയായിരുന്നു ലോക്സഭയിൽ പ്രതിപക്ഷ പ്രതിഷേധം.**

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹൈദരാബാദിലെ രാഷ്ട്രപതി നിലയത്തിൽ വിവിധ സംരംഭങ്ങൾക്ക് തുടക്കം കുറിക്കും. വെള്ളിയാഴ്ച സെക്കന്തരാബാദിലെ കോളേജ് ഓഫ് ഡിഫൻസ് മാനേജ്മെന്റിന് PRESIDENT'S COLOURS ബഹുമതി സമ്മാനിക്കും. അഞ്ചു ദിവസത്തെ ആന്ധ്രാപ്രദേശ് - തെലങ്കാന സന്ദർശനത്തിന്റെ ഭാഗമായി ഇന്നലെ മംഗളഗിരി എയിംസിലെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുത്തു. താങ്ങാനാവുന്ന മെഡിക്കൽ ടൂറിസത്തിന്റെ കേന്ദ്രമായി ഇന്ത്യ വളർന്നു വരികയാണെന്നും ഈ പുരോഗതിയിൽ ഡോക്ടർമാർക്ക് നിർണായക പങ്കുണ്ടെന്നും ശ്രീമതി മുർമു ചടങ്ങിൽ പറഞ്ഞു.

✪✪✪

അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തിക വികസനം, കൃഷി എന്നിവയ്ക്കൊപ്പം സാംസ്കാരിക വികസനത്തിനും ഐക്യത്തിനും ഗവൺമെന്റ് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി G. കിഷൻ റെഡ്ഡി പറഞ്ഞു. രാഷ്ട്രത്തിന്റെ ഐക്യത്തിനും, ചരിത്രത്തിനും രാജ്യത്തെ ഭാഷകൾ സുപ്രധാന അടിത്തറയാണെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ അറിയിച്ചു.

രാജ്യത്ത് 121 പ്രധാന ഭാഷകളും, 1,600 ഓളം ഭാഷാഭേദങ്ങളുമുണ്ടെന്നും ഇത് ചരിത്രപരമായ വൈവിധ്യത്തെയാണ് കാണിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 11 ഭാഷകൾക്ക് ക്ലാസിക്കൽ പദവി നൽകിയ ഏകരാജ്യം ഇന്ത്യയാണെന്നും കിഷൻ റെഡ്ഡി വ്യക്തമാക്കി. ഭാഷകൾ ആശയ വിനിമയത്തിന്റെ മാർഗം മാത്രമല്ല, വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും പൈതൃകം കൂടിയാണെന്നും കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു.

✪✪✪

സമ്പദ്-രംഗത്ത് രണ്ട് പതിറ്റാണ്ടായി ഇന്ത്യയുടെ വളർച്ച ശ്രദ്ധേയമാണെന്ന് നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ കെ ബെറി അഭിപ്രായപ്പെട്ടു. നിതി ആയോഗും കാലിഫോർണിയ യൂണിവേഴ്സിറ്റിയും, ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് റിസർച്ചും സംയുക്തമായി സംഘടിപ്പിച്ച അന്താരാഷ്ട്ര ശില്പശാല മുംബൈയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2014 ൽ ലോക സമ്പദ് വ്യവസ്ഥയിൽ ഇന്ത്യയുടെ സ്ഥാനം പത്താമതായിരുന്നു. എന്നാൽ ഇന്ന് രാജ്യം അഞ്ചാമത്തെ സമ്പദ് വ്യവസ്ഥയായി തീർന്നെന്നും

അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ഈ യാത്ര ആഗോളവും ആഭ്യന്തരവുമായ വെല്ലുവിളികളുടെ ഘട്ടത്തിൽ അവിശ്വസനീയമാം വിധം വേഗത്തിലാണെന്ന് സുമൻ കെ ബെറി വ്യക്തമാക്കി.

✪✪✪

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലുകൾ കേന്ദ്ര ഗവൺമെന്റ് സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനയ്ക്ക് വിട്ടു. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ബില്ലുകൾ പാർലമെന്ററി സമിതിയ്ക്ക് വിട്ട് അതിന്റെ എല്ലാ വശങ്ങളും വിശദമായി ചർച്ച ചെയ്യണമെന്ന നിർദേശം മുന്നോട്ട് വെച്ചതെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ ലോക്സഭയെ അറിയിച്ചു.

നേരത്തെ നിയമന്ത്രി അർജ്ജുൻ റാം മെഘ് വാൾ ബില്ലുകൾ സഭയുടെ മേശപ്പുറത്ത് വെച്ചപ്പോൾ പ്രതിപക്ഷ നേതാക്കൾ അതിനെതിരായ പ്രതിഷേധം സഭയിൽ ഉന്നയിച്ചിരുന്നു.

✪✪✪

രാജ്യത്തെ കർഷക ക്ഷേമത്തിന് പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയടക്കം ഒട്ടേറെ പദ്ധതികൾ നടപ്പാക്കി വരികയാണെന്ന് കേന്ദ്ര കൃഷി സഹ മന്ത്രി രാംനാഥ് ടാക്കൂർ ലോക് സഭയെ അറിയിച്ചു. 2014-നെ അപേക്ഷിച്ച് നടപ്പ് സാമ്പത്തികവർഷം കാർഷിക മേഖലയുടെ ബജറ്റ് വിഹിതം ആറ് മടങ്ങ് വർദ്ധിച്ചതായി രേഖാമൂലം നൽകിയ മറുപടിയിൽ ടാക്കൂർ വ്യക്തമാക്കി.

✪✪✪

ആലപ്പുഴയിൽ ഗുരുതര വൈകല്യങ്ങളുമായി ജനിച്ച കുട്ടിക്ക് സൗജന്യ ചികിത്സ നൽകുമെന്ന് നേരത്തെ വ്യക്തമാക്കിയതാണെന്നും അത് തുടരുമെന്നും മന്ത്രി വീണാ ജോർജ് അറിയിച്ചു. മെഡിക്കൽ കോളേജിൽ നിന്ന് പണം ഈടാക്കി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടെന്നും, ഇത് പരിശോധിച്ച് നടപടിയെടുക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു. പണം തിരികെ നൽകുമെന്നും അന്വേഷണ റിപ്പോർട്ട് പരിശോധിച്ച ഉടൻതന്നെ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ നിയന്ത്രണത്തിലെ ആദ്യത്തെ ആയുർവേദ EYE & ENT ആശുപത്രിയ്ക്ക് മന്ത്രി വീണ ജോർജ് വൈകിട്ട് കണ്ണൂർ പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ തറക്കല്ലിടും. ദേശീയ

ആയുഷ്മിഷന്റെ രണ്ടരക്കോടി രൂപയോളം ഉപയോഗപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

പ്രവാസികളുമായി ക്ഷേമവുമായി ബന്ധപ്പെട്ട നിയമനിർമാണം സംസ്ഥാന ഗവണ്മെന്റിന്റെ പരിഗണനയിലാണെന്നും വൈകാതെ നിയമസഭയിൽ അവതരിപ്പിക്കുമെന്നും മന്ത്രി V. അബ്ദുറഹിമാൻ പറഞ്ഞു. നോർക്ക റൂട്ട്സ് ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രവാസി ദിനാചരണം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ സാമ്പത്തികസ്ഥിതിയിൽ പ്രവാസികൾ വലിയ പങ്കു വഹിക്കുന്നതായി മന്ത്രി പറഞ്ഞു. പ്രവാസ ലോകത്തെ സാമ്പത്തിക പ്രതിസന്ധി മലബാറിനെ ഏറെ ബാധിക്കുമെന്ന് വിവിധ സർവേകൾ വ്യക്തമാക്കുന്നതായി മന്ത്രി പറഞ്ഞു. ചടങ്ങിൽ നോർക്ക റൂട്ട്സ് ചെയർമാൻ. P. ശ്രീരാമകൃഷ്ണൻ അധ്യക്ഷനായിരുന്നു.

✪✪✪

പുതുച്ചേരിയുടെ ഭാഗമായ മാഹിയെ സുന്ദരമായ പ്രദേശമാക്കി മാറ്റിയെടുക്കാൻ ആണ് ശ്രമിച്ചുവരുന്നതെന്ന് പുതുച്ചേരി ലെഫ്റ്റ് ഗവർണർ കൈലാഷ് നാഥൻ പറഞ്ഞു.

ഓരോ മാസവും മാഹിയുടെ വികസന പദ്ധതികൾ വിലയിരുത്തുന്നതിനായി മാഹിയിൽ എത്തിച്ചേരുമെന്നും അദ്ദേഹം പറഞ്ഞു. മാഹിയിൽ മെഗാ ശുചീകരണ യജ്ഞം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ഹൈദരാബാദിൽ പുഷ്പ 2 സിനിമ റിലീസിനിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് ചികിത്സയിലായിരുന്ന ഒൻപത് വയസ്സുകാരൻ ശ്രീതേജിന്റെ മസ്തിഷ്ക മരണം സ്ഥിരീകരിച്ചു. കുട്ടിയുടെ മാതാവ് രേവതി, സംഭവം ഉണ്ടായ ഡിസംബർ 4 ന് തന്നെ മരണമടഞ്ഞിരുന്നു.

✪✪✪

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഖരഗ്പൂർ ഏറ്റവും പുതിയ QS ലോക സർവകലാശാല സുസ്ഥിര റാങ്കിംഗിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനം നേടി. കഴിഞ്ഞ വർഷത്തെ പ്രകടനവുമായി താരതമ്യം

ചെയ്യുമ്പോൾ 147 സ്ഥാനങ്ങൾ മുന്നേറി ലോകത്തിൽ 202-ാമതും ഏഷ്യയിൽ 23-ാമതുമാണ് IIT ഖരഗ്പൂർ.

✪✪✪

കേരള രാജ്യാന്തര ചലച്ചിത്ര മേള ആറാം ദിനത്തിലേക്ക് കടന്നു. ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്ര മേളകളിൽ പുരസ്കാരം നേടിയ ഏഴു ചിത്രങ്ങളാണ് ഇന്ന് പ്രദർശിപ്പിക്കുന്നത്.

✪✪✪

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഖരഗ്പൂർ ഏറ്റവും പുതിയ QS ലോക സർവകലാശാല സുസ്ഥിര റാങ്കിംഗിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനം നേടി. കഴിഞ്ഞ വർഷത്തെ പ്രകടനവുമായി താരതമ്യം ചെയ്യുമ്പോൾ 147 സ്ഥാനങ്ങൾ മുന്നേറി ലോകത്തിൽ 202-ാമതും ഏഷ്യയിൽ 23-ാമതുമാണ് IIT ഖരഗ്പൂർ.

✪✪✪

ബ്രിസ്ബെയ്നിൽ ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ക്രിക്കറ്റ് മത്സരം സമനിലയിൽ അവസാനിച്ചു. മൂന്നാം ടെസ്റ്റ് മഴമൂലം വൈകിയതിനെ തുടർന്നാണിത്.

ഒമ്പത് വിക്കറ്റിന് 252 എന്ന നിലയിൽ രാവിലെ ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ 260 റൺസിന് ഒന്നാം ഇന്നിഗ്സിൽ എല്ലാവരും പുറത്തായി. രണ്ടാം ഇന്നിഗ്സിൽ ബാറ്റിംഗ് ആരംഭിച്ച ഓസ്ട്രേലിയ ഏഴ് വിക്കറ്റിന് 89 റൺസ് എടുത്ത് ഡിക്ലയർ ചെയ്തു. ഇതോടെ 272 റൺസ് വിജയലക്ഷ്യം പിന്തുടർന്ന് രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ വിക്കറ്റ് ഒന്നും നഷ്ടപ്പെടാതെ എട്ട് റൺസ് എടുക്കുന്നതിനിടെ മഴ കളി തടസ്സപ്പെടുത്തുകയായിരുന്നു.

✪✪✪

ഇന്ത്യയുടെ ഓൾറൗണ്ടർ രവിചന്ദ്രൻ അശ്വിൻ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. ബോർഡർ-ഗവാസ്കർ ട്രോഫിയിലെ മൂന്നാം ടെസ്റ്റ് സമനിലയിൽ അവസാനിച്ചതിന് തൊട്ടുപിന്നാലെയാണ് 38 കാരനായ അശ്വിൻ പ്രഖ്യാപനം നടത്തിയത്.

✪✪✪

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ. ഇരു ടീമുകളും 22, 24, 27 തിയ്യതികളിൽ ഏകദിന മത്സരങ്ങളിലും പങ്കെടുക്കും.

✪✪✪

**ISL ഫുട്ബോളിൽ ഗോവയിൽ മറ്റന്നാൾ വൈകീട്ട്, FC ഗോവ, മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ നേരിടും.**

**ഇന്നലെ കൊൽക്കത്തെയിൽ ഈസ്റ്റ് ബംഗാൾ, പഞ്ചാബ് FC യെ തോൽപ്പിച്ചു.**

✪✪✪

**ഈ മാസം 26ന് ന്യൂയോർക്കിൽ ആരംഭിക്കുന്ന ഫിഡെ ലോക റാപ്പിഡ് ആന്റ് ബ്ലിറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരങ്ങളായ അർജ്ജുൻ എരിഗേസിയും, R പ്രഗ്നാനന്ദയും പങ്കെടുക്കും. ലോക ചാമ്പ്യനായതിനെ തുടർന്ന് D ഗുകേഷ് ടൂർണമെന്റിൽ പങ്കെടുക്കുന്നില്ല.**

✪✪✪

**കാനനപാതയിലൂടെ കാൽനടയായി ശബരിമല ദർശനത്തിനെത്തുന്ന തീർഥാടകർക്ക് ഇന്നു മുതൽ പ്രത്യേക വരിയിലൂടെ ദർശനം സാധ്യമാകും. തീർഥാടകരുടെ ഏറെ നാളത്തെ ആവശ്യമാണ് ഇതോടെ പൂർത്തികരിക്കുന്നത്.**

**ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.**

**....(വോയ്സ്)..........**

✪✪✪

**ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് നാലാം സീസണിന്റെ പ്രചാരണത്തിന്റെ ഭാഗമായി വൈകിട്ട് കോഴിക്കോട് ബീച്ചിൽ റഗ്ബി മത്സരം നടത്തും. പുരുഷ, വനിതാ ടീമുകൾക്ക് വെവ്വേറെ മത്സരത്തിൽ ഉണ്ടായിരിക്കും. പ്രചാരണത്തിന്റെ ഭാഗമായി മറ്റന്നാൾ ബേപ്പൂർ ബീച്ചിൽ ഫുട്ബോൾ ടൂർണമെന്റും സംഘടിപ്പിക്കും. ഡിസംബർ 27, 28, 29 തീതികളിലാണ് ബേപ്പൂർ വാട്ടർ ഫെസ്റ്റ് നാലാം സീസൺ.**

✪✪✪

**മുതിർന്ന CPIM നേതാവായിരുന്ന MM ലോറൻസിന്റെ മൃതദേഹം മതാചാരപ്രകാരം സംസ്കരിക്കണമെന്ന പെൺമക്കളുടെ ഹർജി**

ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. മൃതദേഹം കളമശ്ശേരി മെഡിക്കൽ കോളേജ് ഏറ്റെടുത്ത നടപടി ഹൈക്കോടതി ശരിവെച്ചു.

അതേസമയം, ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ പോകുമെന്ന് മകൾ ആശാ ലോറൻസ് വിധിക്ക് ശേഷം പ്രതികരിച്ചു. മതാചാരപ്രകാരം സംസ്ക്കരിക്കണമെന്നായിരുന്നു ലോറൻസിന്റെ ആഗ്രഹം എന്നും മകൾ പറഞ്ഞു.

✪✪✪

കണ്ണൂരിൽ M-പോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് നിരീക്ഷണം ശക്തമാക്കി.

അബുദാബിയിൽ നിന്ന് നാട്ടിലെത്തിയ വയനാട് സ്വദേശിക്ക് ആണ് M-പോക്സ് കഴിഞ്ഞ ദിവസം സ്ഥിരീകരിച്ചത്.

വിദേശത്ത് നിന്നെത്തിയ പാനൂർ സ്വദേശിയെയും സംശയത്തെ തുടർന്ന് പരിയാരം മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

✪✪✪